ആയുർവ്വേദ കോളേജിലെ എക്സാമിനറെപ്പറ്റിയുള്ള പരാതി.

*1806A. [18] ശ്രീ. കെ. കരുണാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവ്വേദകോളേജിലെ ഡി. എ. എം., ബി. എ. എം. എന്നീ പരീക്ഷകളിലെ ഒരു എക്സാമിനറെപ്പറ്റി പ്രസ്തുത കോളേജിലെ വിദ്യാർത്ഥികളിൽനിന്നും എന്തെങ്കിലും പരാതി ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ;

(ബി) ഇദ്ദേഹം ഏതെല്ലാം വിഷയങ്ങൾക്ക എക്സാമിനറാണ് ;

(സി) അദ്ദേഹത്തിന്റെ പേരെന്താണ് ?

ആരോഗ്യവകുപ്പുമന്ത്രി (ഡോക്ടർ എ. ആർ. മേനോൻ) :

(എ) ഗവണ്മെന്റിനു പരാതി കിട്ടിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കറപ്പു ലഭിക്കുന്നതിനുള്ള പെർമിറ്റ്.

*1807. [19] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കറപ്പുതീറ്റിക്കാർക്ക് കറപ്പു ലഭിക്കുന്നതിനു പെർമിറ്റ് നൽകണമെന്നു റവന്യൂ ബോർഡിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ ;

(ബി) അപേക്ഷിച്ചിരുന്നെങ്കിൽ അതു് അനുവദിച്ചിട്ടുണ്ടോ ;

(സി) ആലുവാ റയിഞ്ചിലെ കറപ്പുപയോഗിക്കുന്നവർ പെർമിറ്റിനു രണ്ടു ശ്രുപ സ്റ്റാമ്പൊട്ടിച്ചു റവന്യൂ ബോർഡിനോടപേക്ഷിച്ചിരുന്നവർക്ക് ഇതേവരെ പെർമിറ്റ് കൊടുക്കാതിരുന്നതെന്താണ് ;

(ഡി) അപേക്ഷകരും റവന്യൂബോർഡാഫീസിലേക്ക് അയച്ചെന്നും അവിടെ കാണുന്നില്ലെന്നും പകരം അപേക്ഷ കൊടുക്കാൻ എക്സൈസുദ്യോഗസ്ഥൻ പറഞ്ഞതനുസരിച്ച് വീണ്ടും അപേക്ഷ കൊടുത്തിട്ടും സമാധാനം കിട്ടാഞ്ഞതെന്താണ് ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരി) :

(എ) റവന്യൂ ബോർഡിൽ അപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) കറപ്പിനു പെർമിറ്റ് കൊടുക്കുന്നതിനുള്ള അധികാരം പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു് അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർക്കും, മലബാർ പ്രദേശത്തു് ഡിസ്ട്രിക്റ്റ് കളക്റ്റർക്കും ആണ്. റവന്യൂ ബോർഡിൽ കിട്ടിയ അപേക്ഷ അപ്പോഴപ്പോൾതന്നെ അതതു സ്ഥലത്തെ ആഫീസർമാർക്ക് വേണ്ട നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) രണ്ടു ശ്രുപ സ്റ്റാമ്പൊട്ടിച്ചു റവന്യൂ ബോർഡിലേയ്ക്കപേക്ഷിച്ചിരുന്നവർ ഉൾപ്പെടെ ആലുവാ റെയിഞ്ചിൽ കറപ്പു് ഉപയോഗിക്കുന്ന ആളുകൾക്ക് 84 മുതൽ 89 വരെ പെർമിറ്റ് കൊടുത്തിട്ടുണ്ട്.

(ഡി) റവന്യൂ ബോർഡിലേക്ക് പെർമിറ്റിനു രണ്ടു ശ്രുപ സ്റ്റാമ്പൊട്ടിച്ചു് അയച്ച അപേക്ഷകളിൽ ചിലതു അവിടെ കാണാനില്ലെന്നും, അതുകൊണ്ടു് വീണ്ടും അപേക്ഷകരും സ്റ്റാമ്പൊട്ടിക്കാതെ കൊടുക്കണമെന്നും അറിയിക്കയും, അപ്രകാരം അപേക്ഷിച്ചിട്ടുള്ളവർക്ക് പെർമിറ്റ് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly